35965
6/12/17

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കിഴക്കമ്പലം ഗ്രാമ പഞ്ചായത്തിലെ 94 ഗുണഭോക്താക്കൾക്ക് ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് നൽകുന്ന പദ്ധതി 2017-18 വർഷം സ്പിൽ ഓവർ ആയി നടപ്പിലാക്കുവാൻ കിഴക്കമ്പലം ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.3649 /2017/തസ്വഭവ തിരുവനന്തപുരം, തീയതി 11.11.2017

പരാമർശം :- 1. കിഴക്കമ്പലം ഗ്രാമ പഞ്ചായത്തിന്റെ 16/06/2017- ൽ നടന്ന സാധാരണ മീറ്റിംഗിലെ 18-ാം നമ്പർ തീരുമാനം

**ഉത്തരവ്**

2014-15 വർഷം DPC അനുമതിയും 2015-16 വർഷം TSC അനുമതിയും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കിഴക്കമ്പലം ഗ്രമപഞ്ചായത്ത് 2016-17 വർഷം 'വീടുകളിൽ മാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റ്(34/17)' എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. 2016-17 വർഷം ടി പദ്ധതി പ്രകാരം ബയോഗ്യാസ് പ്ലാന്റ് ലഭിക്കുന്നതിനായി 94 ഗുണഭോക്താക്കൾ അപേക്ഷ നൽകി ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടച്ചിരുന്നുവെങ്കിലും 2016-17 -വർഷം ഗുണഭോക്താക്കൾക്ക് പ്ലാന്റ് നൽകുന്നതിനോ, ഏജൻസിക്ക് തുക കൈമാറുന്നതിനോ പഞ്ചായത്തിന് കഴിഞ്ഞില്ല. പദ്ധതി നടത്തിപ്പിനുള്ള പഞ്ചായത്ത് വിഹിതം, ശുചിത്വ മിഷൻ വിഹിതം, ഗുണഭോക് തൃ വിഹിതം എന്നിവ പഞ്ചായത്തിൽ ലഭ്യമാണെങ്കിലും ടി പദ്ധതി, 2017-18 ൽ സ്പിൽ ഓവർ ആക്കി മാറ്റുന്നതിന് സുലേഖ സോഫ്റ്റ് വെയറിൽ സംവിധാനം ലഭ്യമല്ലാത്തതിനാൽ ആയതിനുള്ള അനുമതി ലഭ്യമാക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു പരാമർശം 1 പ്രകാരം കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിരുന്നു.

2. പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 94 ഗുണഭോക്താക്കൾ പദ്ധതിക്കായി ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടച്ചിട്ടുള്ളതിനാലും പദ്ധതി നടത്തിപ്പിനായി ശുചിത്വ മിഷൻ വിഹിതം,ഗുണഭോക്തൃ വിഹിതം, പഞ്ചായത്ത് വിഹിതം എന്നിവ പഞ്ചായത്തിൽ ലഭ്യമായതിനാലും പദ്ധതി നടപ്പാക്കിയില്ലെങ്കിൽ ഗുണഭോക്തൃവിഹിതം അടച്ച ഗുണഭോക്താക്കൾക്ക് പ്ലാന്റ് നൽകാനും പദ്ധതിക്കായി ലഭ്യമായ വിഹിതം ചെലവഴിക്കാനും കഴിയാതെ വരുന്ന സാഹചര്യം പരിഗണിച്ചും, മാലിന്യ സംസ്കരണം നിലവിലെ സാഹചര്യത്തിൽ അടയന്തിര പ്രാധാന്യമുള്ള വിഷയമായതിനാലും , 2017-18

സാമ്പത്തികവർഷം പദ്ധതി പൂർണ്ണമായും പൂർത്തിയാക്കേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വീടുകളിൽ മാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റ് (34/17) 'എന്ന പദ്ധതി 2017-18 വർഷം സ്പിൽ ഓവർ ആയി നടപ്പാക്കാൻ കിഴക്കമ്പലം ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രസിഡന്റ്/സെക്രട്ടറി , കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ,തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ